**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കടബാധ്യതകളെക്കുറിച്ചും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുമുള്ള സമീപകാല മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം കടമെടുപ്പ് പരിധിയിൽ നിന്നും 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. പ്രസ്തുത കാരണങ്ങളാണ് |

| | | | |
|---|---|---|---|
| | | | പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | ധന ഉത്തരവാദിത്ത നിയമങ്ങളിലെ വ്യവസ്ഥകൾക്ക് ഉപരിയായി സംസ്ഥാനത്തിന് കടബാധ്യതയുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | കടംവാങ്ങി മുൻകാല വായ്പകളുടെ പലിശ അടക്കേണ്ടിവരുന്ന 'കടക്കെണി' എന്ന തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ എത്തിയിട്ടുണ്ടോ; എങ്കിൽ അത് തരണം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | (സി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നികുതി പിരിവ് വർദ്ധിപ്പിക്കാനും ചെലവ് ചുരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ? | (ഇ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ള വിവേക പൂർണമായ ധന നയത്തിന്റെ ഭാഗമായി അടിസ്ഥാന വികസന മേഖലകളുടെ പ്രവർത്തനത്തിന് കാര്യമായ ഭംഗം വന്നിട്ടില്ല. സംസ്ഥാനത്തിന്റെ തന്നെ തനതു വരുമാന സ്രോതസ്സുകളിലൂടെ കൂടുതൽ വിഭവ സമാഹരണം നടത്തിക്കൊണ്ട് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ധവള പത്രത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ